**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 191** **23-01-2025 - ൽ മറുപടിയ്ക്ക്**

**കുമ്പള സി.എച്ച്.സി ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുമ്പള സി എച്ച് സി ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പുതിയ കെട്ടിട നിർമ്മാണത്തിന് കേരള സർക്കാരോ കേന്ദ്ര സർക്കാരോ ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | കുമ്പള സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി പുതിയ കെട്ടിട നിർമ്മാണത്തിന് ഇതുവരെ ഫണ്ടുകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് സ്കീം 1 ൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2023-24 വർഷത്തിൽ കുമ്പള സാമൂഹികാരോഗ്യ കേന്ദ്രത്തെ ഉൾപ്പെടുത്തുവാൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ടി ആശുപത്രിയുടെ വികസനത്തിനായി അനുവദിച്ച ഏതെങ്കിലും ഫണ്ട് അധികൃതരുടെ അനാസ്ഥ കാരണം നഷ്ടപ്പെട്ടിട്ടുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഇല്ല |
| (സി) | പ്രസ്തുത ആശുപത്രിയുടെ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിൽ ഉള്ളത് എന്ന് വ്യക്തമാക്കുമോ? | (സി) | പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ 2021-22 വർഷത്തെ ഹെൽത്ത് ഗ്രാന്റിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപയുടെ ലബോറട്ടറി നവീകരണം, ലാബിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ മുതലായ പ്രവൃത്തികൾ പൂർത്തീകരിച്ച് ലാബ് പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ